# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 3511 — 24.06.2013-ലെ മറുപടിക്ക്

## ജയിലുകളിൽ ടെലിമെഡിസിൻ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ജയിലുകളിൽ ടെലിമെഡിസിൻ സംവിധാനം എന്നുമുതലാണ് നിലവിൽ വന്നത്;<br>ബി) ഇത് സംസ്ഥാനത്തെ എത്ര ജയിലുകളിൽ നടപ്പിലാക്കി; എവിടെയെല്ലാം; | (എ) യും (ബി) യും | കണ്ണൂർ സെൻട്രൽ ജയിലിൽ മാത്രമാണ് ഇപ്പോൾ ഈ സംവിധാനം നിലവിലുള്ളത്. 23.8.2012 മുതൽ കൺസൾട്ടിംഗ് തുടങ്ങി. |
| സി) പ്രസ്തുത സംവിധാനം ഇനി ഏതെല്ലാം ജയിലുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ; | സി) | പൂജപ്പുര സെൻട്രൽ ജയിൽ, വിയ്യൂർ സെൻട്രൽ ജയിൽ എന്നിവിടങ്ങളിൽ ഈ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) പ്രസ്തുത സംവിധാനം വഴി എത്ര തടവുകാർക്ക് പ്രയോജനം ലഭിച്ചു; ഇപ്പോൾ എത്ര തടവുകാർക്ക് ചികിത്സാ സഹായം നൽകിവരുന്നു; വിശദമാക്കുമോ; | ഡി) | 23.8.2012 മുതൽ നാളിതുവരെ 269 പേർക്ക് പ്രയോജനം ലഭിച്ചു. ഇപ്പോൾ 70 തടവുകാർക്ക് ടെലിമെഡിസിൻ സംവിധാനം വഴി ചികിത്സ നടത്തി വരുന്നു. |
| ഇ) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ചികിത്സകളാണ് തടവുകാർക്ക് ലഭ്യമാക്കുന്നത്; വ്യക്തമാക്കുമോ; | ഇ) | മനോരോഗ ചികിത്സ, ത്വക്ക് രോഗ ചികിത്സ കിഡ്നി സംബന്ധമായ ചികിത്സ, വിവിധ ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട തുടർ ചികിത്സ, ഹൃദ്രോഗ ചികിത്സ, ഞരമ്പ് സംബന്ധമായ ചികിത്സ, എയ്ഡ്സ് രോഗ ചികിത്സ തുടങ്ങിയവ തടവുകാർക്ക് ലഭ്യമാക്കി വരുന്നു. |
| എഫ്) ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരും ഡോക്ടർമാരും ആരെല്ലാം; | എഫ്) | പുതുതായി ആരെയും നിയോഗിച്ചിട്ടില്ല. ഈ സംവിധാനം ജയിൽ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ജി) | ഈ സംവിധാനം മെച്ചപ്പെടുത്താൻ ഈ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കും; വിശദമാക്കുമോ; | ജി) | ടെലിമെഡിസിൻ സംവിധാനം നടപ്പിലാക്കിയ കണ്ണൂർ സെൻട്രൽ ജയിലിൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. |
| എച്ച്) | 2012-13 സാമ്പത്തിക വർഷം ഇതിലേയ്ക്കായി എന്തു തുക മാറ്റി വച്ചു; ആയതിൽ എത്ര ചെലവഴിച്ചു; 2013-14ൽ എന്തു തുക മാറ്റിവച്ചിട്ടുണ്ട്; വിശദമാക്കുമോ? | എച്ച്) | 2012-13, 2013-14 എന്നീ വർഷങ്ങളിൽ ടെലിമെഡിസിൻ സംവിധാനത്തിന് ജയിൽ വകുപ്പിൽ തുക മാറ്റി വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ